പുതുവർഷത്തിൽ ചെന്നൈക്ക് വെളിച്ചമായി ഈ പ്രകാശവലയങ്ങൾ

കെ.എ. ജോണി

ചെന്നൈ: ഇന്ത്യയിൽ ഏതു നഗരത്തിലാണ് ജീവിക്കാൻ ഇഷ്ടപ്പെടുക എന്നൊരന്വേഷണം അടുത്തിടെ ഇൻറർനെറ്റിൽ നടന്നപ്പോൾ സംശയമേതുമില്ലാതെ ബഹുഭൂരിപക്ഷം പേരും വിരൽചൂണ്ടിയത് ചെന്നൈയുടെ നേർക്കായിരുന്നു. ബഹുസ്വരതയുടെ ആർദ്രവും അപാരവുമായൊരു സംസ്കൃതി ചെന്നൈയുടെ ആത്മാവിലുണ്ട്. പ്രതിസന്ധിയുടെ കാർമേഘങ്ങൾ കൂടുകൂട്ടുമ്പോഴും പ്രകാശഭരിതമായ ഒരു പുതുവർഷത്തെക്കുറിച്ചുള്ള പ്രത്യാശയുമായി മുന്നോട്ട് യാത്ര തുടരാൻ മഹാനഗരത്തിന് തുണയാകുന്നത് പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഈ ആന്തരിക ബലമാണ്.

2009ന്റെ പാതകളിൽ ചെന്നൈക്ക് വെളിച്ചമായി 2008 ബാക്കിവെക്കുന്നതെന്തൊക്കെയാണെന്ന അന്വേഷണം തീർച്ചയായും ആദ്യം നമ്മെയെത്തിക്കുന്നത് ഡോക്ടർ ദമ്പതിമാരായ അശോകന്റെയും പുഷ്പാഞ്ജലിയുടെയും ത്യാഗപൂർണമായ കർമത്തിലേക്കായിരിക്കും. ബൈക്കപകടത്തിൽ മരിച്ച മകൻ ഹിതേന്ദ്രന്റെ അവയവങ്ങൾ സമൂഹത്തിന് ദാനംചെയ്ത ഈ ദമ്പതിമാരുടെ കർമത്തിന് സമാനമായി 2008ൽ മറ്റൊന്നുംതന്നെയില്ല.

ചെസ്സിന്റെ ഭൂപടത്തിൽ രണ്ടാം തവണയും ചെന്നൈയുടെ പേര് ഏറ്റവും മുകളിലായി കുറിച്ചിട്ട വിശ്വനാഥൻ ആനന്ദിന്റെ ഐതിഹാസിക പ്രകടനമാണ് 2008 നൽകുന്ന മറ്റൊരു നക്ഷത്രം. വിശ്വനാഥൻ ആനന്ദിനെപ്പോലുള്ളവർ മാതൃകകളായി മുന്നിലുള്ളപ്പോൾ ചെന്നൈയിലെ പുതുതലമുറയ്ക്ക് എങ്ങനെയാണ് വിജയിക്കാതിരിക്കാനാവുക എന്നാണ് ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ മഹേന്ദ്രസിങ് ധോനി ചോദിച്ചത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഒരു ടെസ്റ്റ്മാച്ചിൽ ഏറ്റവും വലിയ സ്കോർ മറികടന്ന് ഇന്ത്യ വിജയം ആഘോഷിച്ചതും ഇക്കഴിഞ്ഞ ഡിസംബറിലായിരുന്നു. ഇംഗ്ലണ്ടിനെതിരെ ചെപ്പോക്കിലെ പുൽമൈതാനിയിൽ ഇന്ത്യ നേടിയ ഈ ചരിത്രവിജയത്തിന്റെ മുകൾത്തട്ടിൽ 41-ാം ശതകത്തിന്റെ അഗ്നിശോഭയുമായി നിൽക്കുന്ന സച്ചിൻ തെണ്ടുൽക്കറിനെയും മറക്കാനാവില്ല. ദക്ഷിണാഫ്രിക്കയ്ക്കെതിരെ 319 റൺസെടുത്തുകൊണ്ട് ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവുമധികം സ്കോർ നേടുന്ന ഇന്ത്യക്കാരനെന്ന ബഹുമതി വീരേന്ദർ സെവാഗ് കരസ്ഥമാക്കിയതും ഇക്കഴിഞ്ഞ മാർച്ചിൽ ഇതേ ചെപ്പോക്കിൽവെച്ചുതന്നെ.

ഓർമ 2008

ഉണർന്നിരിക്കുന്ന മാധ്യമങ്ങൾ എങ്ങനെയാണ് ജനാധിപത്യത്തിന്റെ കാവൽക്കാരായി മാറുന്നതെന്നും 2008 തെളിയിച്ചു. ചെന്നൈ ലോ കോളേജിൽ ജാതി തിരിഞ്ഞ് വിദ്യാർഥികൾ ഏറ്റുമുട്ടിയപ്പോൾ കാഴ്ചക്കാരായി നോക്കിനിന്ന ചെന്നൈ സിറ്റി പോലീസിന് കനത്ത വില നൽകേണ്ടിവന്നത് മാധ്യമങ്ങളുടെ അതിശക്തമായ ഇടപെടൽ നിമിത്തമായിരുന്നു.

അരവിന്ദ് അഡിഗ എന്ന ഇന്ത്യക്കാരൻ യുവാവ് ഇത്തവണത്തെ ബുക്കർ സമ്മാനം സ്വന്തമാക്കിയപ്പോഴും ചെന്നൈയ്ക്കഭിമാനിക്കാൻവകയുണ്ടായിരുന്നു. 1974-ൽ ഇവിടെ ചെന്നൈയിലായിരുന്നു അരവിന്ദ് അഡിഗയുടെ പിറവി. 2008-ന്റെ അവസാനദിനങ്ങളിലൊന്നിൽ മുഖ്യമന്ത്രി കരുണാനിധി നടത്തിയ പ്രഖ്യാപനവും പുതുവർഷത്തിലേക്കുള്ള പ്രകാശരേഖകളിലൊന്നാണ്. കൂവം നദി ശുദ്ധീകരിക്കേണ്ടത് ചെന്നൈയുടെ അനിവാര്യതയാണെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. തെളിമയാർന്നൊഴുകുന്ന കൂവത്തിന് 2009-ന്റെ അവസാനനാളുകളിലെങ്കിലും തുടക്കമിടാൻ കഴിഞ്ഞാൽ അതില്പരം മറ്റൊരു സമ്മാനം ഈ പുതുവർഷത്തിൽ ചെന്നൈ നിവാസികൾക്ക് നൽകാൻ ഡി.എം.കെ. സർക്കാറിനുണ്ടാവില്ല. സാമ്പത്തികമാന്ദ്യത്തിന്റെയും വൈദ്യുതിപ്രതിസന്ധിയുടെയും അഴിമതിയുടെയുമൊക്കെ കരിനിഴലുകളെ മറികടക്കാൻ ഈ മഹാനഗരത്തിനാകുമെന്നുതന്നെയാണ് ആത്യന്തികമായി 2008 വിളിച്ചുപറയുന്നത്.

പുതുവത്സരാഘോഷം; നഗരസുരക്ഷയ്ക്ക് 5000 പോലീസുകാർ

ചെന്നൈ: പുതുവത്സരാഘോഷത്തിന്റെ ഭാഗമായി അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നത് ചെറുക്കാൻ നഗരത്തിൽ കനത്ത പോലീസ് സുരക്ഷ ഏർപ്പെടുത്തിയതായി ചെന്നൈ സിറ്റി പോലീസ് കമ്മീഷണർ കെ. രാധാകൃഷ്ണൻ പറഞ്ഞു. സുരക്ഷാ ജോലികൾക്കായി 5000 പോലീസുകാരെ നിയോഗിച്ചിട്ടുണ്ടെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ അറിയിച്ചു.

നഗരത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മറീനാ ബീച്ച്, എലിയറ്റ് ബീച്ച്, ഈസ്റ്റ് കോസ്റ്റ് റോഡിലെ വിവിധ ഫാം ഹൗസുകൾ തുടങ്ങി പുതുവത്സരം ആഘോഷിക്കാനായി ജനങ്ങൾ അധികമായെത്തുന്ന എല്ലാ സ്ഥലങ്ങളിലും സുരക്ഷ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈസ്റ്റ് കോസ്റ്റ് റോഡിലെ ഫാം ഹൗസുകൾ കേന്ദ്രീകരിച്ച് നടക്കുന്ന പ്രത്യേക ആഘോഷ പരിപാടികൾ പോലീസ് സസൂക്ഷ്മം വിലയിരുത്തും.

കൂടാതെ, നഗരത്തിലെ ക്ഷേത്രങ്ങൾ, മറ്റ് ആരാധനാലയങ്ങൾ എന്നിവിടങ്ങളിലും കനത്ത സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രി ഒരു മണിക്കകം ജനങ്ങൾ വീട്ടിലെത്തിയിരിക്കണം. ഈ സമയത്തിനുശേഷം ആഘോഷം അനുവദിക്കുന്നതല്ല. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കും. പുതുവത്സരാഘോഷത്തിന്റെ പേരിൽ സ്ത്രീകളെ ശല്യം ചെയ്യുകയോ, കളിയാക്കുകയോ ചെയ്യുന്നവരെയും ശിക്ഷിക്കും. മദ്യപിച്ചു വാഹനമോടിക്കുന്നവർക്കെതിരെയും നടപടി സ്വീകരിക്കുമെന്നും കമ്മീഷണർ മുന്നറിയിപ്പ് നൽകി.

ഉത്തണ്ഡിയിലെ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി എം. കരുണാനിധി നിർവഹിക്കുന്നു. കേന്ദ്രമന്ത്രിമാരായ ടി.ആർ. ബാലു, ജി.കെ. വാസൻ തുടങ്ങിയവർ സമീപം

ഇന്ത്യൻ മാരിടൈം സർവകലാശാല ഉദ്ഘാടനംചെയ്തു

ചെന്നൈ: ഇന്ത്യയിലെ ആദ്യത്തെ സമുദ്രഗവേഷണ സർവകലാശാല 'ഇന്ത്യൻ മാരിടൈം' യൂണിവേഴ്സിറ്റിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി എം.കരുണാനിധി നിർവഹിച്ചു. ചെന്നൈയ്ക്കടുത്ത ഉത്തണ്ഡിയിലാണ് യൂണിവേഴ്സിറ്റി. പോർട്ട് മാനേജ്മെൻറ്, നോട്ടിക്കൽ സയൻസ്, മറൈൻ എൻജിനീയറിങ്, ട്രാൻസ്പോർട്ട് ആൻഡ് ലോജിസ്റ്റിക്സ് (ബിസിനസ് സ്കൂൾ), മറൈൻ സയൻസ്, മാരിടൈം ലോ, നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിങ്, ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് എന്നീ വകുപ്പുകൾ മാരിടൈം സർവകലാശാലയിൽ ഉണ്ട്. ഉത്തണ്ഡിയിൽ കടലിനഭിമുഖമായി കിടക്കുന്ന 300 ഏക്കർ സ്ഥലത്താണ് യൂണിവേഴ്സിറ്റി സ്ഥിതി ചെയ്യുന്നത്. ഇതിലൂടെ 25 കിലോമീറ്റർ ദൂരം കടലോരം പരിശീലനത്തിനായി ലഭിക്കും. 2008 ഏപ്രിലിലാണ് മാരിടൈം സർവകലാശാല തുടങ്ങുന്നതിനായുള്ള ബിൽ ലോക്സഭയിൽ പാസാക്കിയത്. ഇതിനായി നിർമാണച്ചെലവ് 645 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പതിനൊന്ന് ശീതീകരിച്ച ക്ലാസ്മുറികൾ ഉൾപ്പെടെ മൊത്തം 23 ക്ലാസ്മുറികളാണ് നിലവിൽ തയ്യാറായിട്ടുള്ളത്. പഠനത്തിനായി ഓഡിയോ വിഷ്വൽ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

മാരിടൈം യൂണിവേഴ്സിറ്റി ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്ത വിദ്യാർഥികൾ

രാമർ പാലത്തിനെതിരെ വീണ്ടും കരുണാനിധി

ചെന്നൈ: സേതുസമുദ്രം പദ്ധതി ലോക്സഭാ തിരഞ്ഞെടുപ്പിൽ മുഖ്യ തിരഞ്ഞെടുപ്പുപ്രചാരണ വിഷയമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രിയും ഡി.എം.കെ. അധ്യക്ഷനുമായ കരുണാനിധി പറഞ്ഞു. പദ്ധതി നടപ്പാക്കാൻ കോടതിയിൽ നടത്തുന്ന നിയമയുദ്ധം തുടരും. ഡി.എം.കെ. സ്ഥാപകനേതാവ് അണ്ണാദുരൈയുടെയും തമിഴ് ജനതയുടെയും സ്വപ്ന പദ്ധതിയായിരുന്നു സേതുസമുദ്രം. 'അണ്ണ'യുടെ പേരിൽ പാർട്ടി ഉണ്ടാക്കിയവർതന്നെ ഇപ്പോൾ ഇതിനെ എതിർക്കുകയാണ്. അണ്ണാറക്കണ്ണന്മാരെ ഉപയോഗിച്ച് രാമൻ കെട്ടിയ പാലം തകരുമെന്നാണ് എതിരാളികൾ പറയുന്നത്. രാമേശ്വരം മുതൽ ഗംഗവരെ പാലം കെട്ടാൻ മാത്രം പരിശ്രമശാലികളാണ് അണ്ണാറക്കണ്ണന്മാർ. എന്തായാലും ഇന്ത്യയിൽനിന്ന് ശ്രീലങ്ക ചുറ്റിപ്പോകാനുള്ള ദൂരം കുറയ്ക്കാൻ ഞങ്ങൾ സേതുസമുദ്രം പദ്ധതി നടപ്പാക്കുകതന്നെ ചെയ്യും.

യു.പി.എ. ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ മന്ത്രി ടി.ആർ. ബാലു ഉപരിതല കപ്പൽ ഗതാഗതവകുപ്പിനുവേണ്ടി ആവശ്യപ്പെട്ടിരുന്നു. അതിനുവേണ്ടി താൻ വാദിക്കുകയും ചെയ്തിട്ടുണ്ട്. എന്തിനുവേണ്ടിയാണ് ഈ വാദം എന്ന് ഈ സമയം ചിലർ ചോദിച്ചിരുന്നു.

ബാലുവിന് ആ വകുപ്പ് ലഭിച്ചതിലൂടെ സേതുസമുദ്രം പദ്ധതിയും ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയും തമിഴകത്തിന് ലഭിച്ചു -കരുണാനിധി പറഞ്ഞു. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ ഉദ്ഘാടനവും അഡ്മിനിസ്ട്രേറ്റിവ് കാമ്പസിന്റെ ശിലാസ്ഥാപനവും ചെന്നൈക്കടുത്ത ഉത്തണ്ഡിയിൽ നിർവഹിക്കുകയായിരുന്നു കരുണാനിധി. ഇന്ത്യയുടെ മൊത്തം കയറ്റുമതിയിൽ 24 ശതമാനവും ഇറക്കുമതിയിൽ 29 ശതമാനവും കടൽവഴിയാണെന്ന് ചടങ്ങിൽ അധ്യക്ഷതവഹിച്ച കേന്ദ്ര ഷിപ്പിങ്മന്ത്രി ടി.ആർ.ബാലു പറഞ്ഞു. 2011നും 2012നുമകം തുറമുഖ വികസനത്തിനായി 55,000 കോടി രൂപ ചെലവഴിക്കും. 2012നകം 286 പദ്ധതികൾ പൂർത്തീകരിക്കും. കപ്പൽ മേഖലയിൽ 116 പദ്ധതികൾ 2015നകവും പൂർത്തീകരിക്കും. ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള മാനവവിഭവശേഷി പുതുതായി ആരംഭിച്ച മാരിടൈം യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തിരുമംഗലം ഉപതിരഞ്ഞെടുപ്പ്: അണികൾ സംയമനം പാലിക്കണമെന്ന് കരുണാനിധി

ചെന്നൈ: തിരുമംഗലം നിയമസഭാ ഉപതിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവുമായി നടക്കാനായി സർക്കാർ എല്ലാവിധ പിന്തുണയും നൽകാമെന്ന് മുഖ്യമന്ത്രിയും ഡി.എം.കെ. പ്രസിഡൻറുമായ എം.കരുണാനിധി തിരഞ്ഞെടുപ്പ് കമ്മീഷന് ഉറപ്പുനൽകി. ''എതിർകക്ഷികളുടെ ആവശ്യപ്രകാരം ചില സർക്കാർ ഉദ്യോഗസ്ഥരെ മാറ്റണമെന്ന് കമ്മീഷൻ ആവശ്യപ്പെടുകയാണെങ്കിൽ അതിന് സർക്കാർ മടികാട്ടില്ല'' - കരുണാനിധി പറഞ്ഞു.

തിരഞ്ഞെടുപ്പ് നല്ല രീതിയിൽ നടക്കുന്നതിന് സമാധാനവും അച്ചടക്കവും പാലിക്കണമെന്നും കരുണാനിധി പാർട്ടി അണികൾക്ക് നിർദ്ദേശം നൽകി. ''തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾക്കിടയിൽ എതിർ കക്ഷികൾ അക്രമം അഴിച്ചുവിടുകയാണെങ്കിൽ അതിനെതിരെ പ്രകോപിതരാകാതെ സമാധാനം പാലിക്കണം. നമ്മൾ അഹിംസയിൽ വിശ്വസിക്കുന്നവരാണെന്ന് ലോകത്തോട് പറയണം''- കരുണാനിധി അണികളോട് ആഹ്വാനം ചെയ്തു. സമാധാനവും ജനാധിപത്യവുമായിരിക്കും തിരഞ്ഞെടുപ്പിൽ ആത്യന്തികമായി വിജയിക്കുക. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിൽ ഉണ്ടാകുന്ന അക്രമങ്ങളെ സഹിഷ്ണുതയോടെ ചെറുക്കുക, വിജയത്തിനുവേണ്ടി പ്രവർത്തിക്കുക, തിരഞ്ഞെടുപ്പ് അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്ന ജനാധിപത്യവിരുദ്ധ ശക്തികൾക്കെതിരെ നിലകൊള്ളാനും കരുണാനിധി അണികളോട് ആവശ്യപ്പെട്ടു.

തിരുമംഗലം ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള അക്രമങ്ങളുടെ അടിസ്ഥാനത്തിൽ മധുര സിറ്റി പോലീസ് കമ്മീഷണർ മനോഹരനെ മാറ്റണമെന്ന് എ.ഐ.എ.ഡി.എം.കെ. ജനറൽ സെക്രട്ടറി ജയലളിത ആവശ്യപ്പെട്ടിരുന്നു.

പോലീസ് ഉദ്യോഗസ്ഥരെ മാറ്റാൻ നിർദേശം

ചെന്നൈ: തിരുമംഗലം നിയമസഭാ ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് അടിക്കടി അക്രമങ്ങൾ നടന്നുവരുന്നതിനാൽ തിരുമംഗലം ഡി.ഐ.ജി., എസ്.പി., ഡി.എസ്.പി. എന്നിവരെ മാറ്റണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെട്ടു. ഡി.ഐ.ജി. കൃഷ്ണമൂർത്തി, എസ്.പി. രാമരാജൻ, ഡി.എസ്.പി. ഷാജഹാൻ എന്നിവരെ മാറ്റാൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ സംസ്ഥാന സർക്കാറിന് ഫാക്സ് സന്ദേശമയച്ചു.

മന്നം ജയന്തിയും നായർ മഹാസമ്മേളനവും

ചെന്നൈ: ചെന്നൈയിലെ വിവിധ നായർ സംഘടനകൾ ചേർന്ന് മന്നംജയന്തിയും നായർമഹാസമ്മേളനവും സംഘടിപ്പിക്കുന്നു. ജനവരി 26ന് മുഗപ്പയറിലുള്ള ചിന്നസ്വാമി കല്യാണമണ്ഡപത്തിലാണ് പരിപാടി.

മുഗപ്പയർ സഞ്ജീവനത്തിൽ വെച്ച് നടന്ന ആലോചനായോഗത്തിൽ എട്ട് നായർ സംഘടനകളുടെ പ്രതിനിധികളും സാമൂഹികരംഗത്തെ പ്രമുഖരും പങ്കെടുത്തു.

ചെന്നൈയിലെ എല്ലാ സമുദായാംഗങ്ങളിലും സമുദായ ഐക്യത്തിന്റെ സന്ദേശം എത്തിക്കുന്നതിനും സഹവർത്തിത്വവും സഹകരണവും വർധിപ്പിക്കുന്നതിനും സാധാരണക്കാരായ നായർ സമുദായാംഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള തുടക്കമായാണ് മന്നം ജയന്തിയും മഹാസമ്മേളനവും സംഘടിപ്പിക്കുന്നതെന്ന് ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്ന എൻ.എസ്.എസ്. ചെന്നൈ പാടിയുടെ പ്രസിഡൻറ് മോഹൻ അറിയിച്ചു.

സാഹിത്യ പുരസ്കാരജേതാക്കളെ ഇന്ന് ആദരിക്കും

ചെന്നൈ: 2008-ൽ വിവിധ സാഹിത്യ പുരസ്കാരങ്ങൾ നേടിയ ചെന്നൈ മലയാളികളെ മദിരാശി കേരള സമാജം നന്ദംപാക്കം ശാഖ ആദരിക്കുന്നു. ജനവരി ഒന്നിന് വ്യാഴാഴ്ച വൈകിട്ട് 5.30ന് ശാഖാ ഓഡിറ്റോറിയത്തിലാണ് ചടങ്ങ്.

എസ്.ശ്രീകുമാർ, ഗ്രയിസ് നെൽസൺ, നെടുമുടി അപ്പുക്കുട്ടൻ, അജിത്കല്ലൻ, അനിരുദ്ധൻ, കെ.രാമകൃഷ്ണവാര്യർ, കെ.പി. ജയരാജ്, പൊന്നമ്മ അപ്പുക്കുട്ടൻ എന്നിവരെയാണ് ആദരിക്കുന്നത്. ഡോ.ടി.എം.ആർ. പണിക്കർ മുഖ്യാതിഥിയായിരിക്കും. എം.ശിവദാസൻപിള്ള അധ്യക്ഷതവഹിക്കും.

കെ.വി.നായർ, കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ, ജോസ്കടവൻ, കെ.ആർ.രാജഗോപാലൻ, ടി.പി.വാസുദേവൻ തുടങ്ങിയവർ പുരസ്കാര ജേതാക്കളെ അനുമോദിക്കും.

സ്വീകരണസമ്മേളനത്തിനുശേഷം നവവത്സരാഘോഷ പരിപാടികളും ഉണ്ടാവും.

ചെന്നൈയിൽ എൽ.ടി.ടി.ഇ. പ്രവർത്തകൻ അറസ്റ്റിൽ

ചെന്നൈ: ചെന്നൈക്കടുത്തുനിന്ന് ഒരു എൽ.ടി.ടി.ഇ. പ്രവർത്തകനെക്കൂടി ക്യൂ ബ്രാഞ്ച് പോലീസ് അറസ്റ്റ് ചെയ്തു. റെഡ്ഹിൽസിനടുത്ത ഒരു വീട്ടിൽ നടത്തിയ മിന്നൽ പരിശോധനയ്ക്കിടയിലാണ് ദിലീപൻ (30) എന്ന എൽ.ടി.ടി.ഇ. പ്രവർത്തകൻ പിടിയിലായത്.

ചൊവ്വാഴ്ച രാത്രിയാണ് സംഭവം. ദിലീപനിൽനിന്നു മൂന്നു സാറ്റലൈറ്റ് ഫോണുകൾ പിടിച്ചെടുത്തു. അുത്തിടെ സ്വിറ്റ്സർലൻഡിൽനിന്നുചെന്നൈയിലെത്തിയ ദിലീപൻ എൽ.ടി.ടി.ഇ.ക്കായി ശ്രീലങ്കയിലേക്ക് സാറ്റലൈറ്റ് ഫോണുകൾ കടത്താൻ ശ്രമിക്കുന്നതിനിടയിലാണ് പോലീസിന്റെ വലയിലായത്. ഞായറാഴ്ച അറസ്റ്റിലായ എൽ.ടി.ടി.ഇ. പ്രവർത്തകൻ ആൻറണി പരവമൊൻ നൽകിയ വിവരത്തെ തുടർന്നാണ് ക്യൂ ബ്രാഞ്ച് സംഘം ദിലീപനെ അറസ്റ്റ് ചെയ്തത്. റെഡ്ഹിൽസിലെ അമ്മാവന്റെ വീട്ടിൽ ദിലീപൻ താമസിക്കുന്നുണ്ടെന്ന മൊഴിയെ തുടർന്നാണ് പോലീസ് റെയ്ഡ് നടത്തിയത്. നേരത്തേ അറസ്റ്റിലായ ആൻറണിയിൽനിന്ന് 500 കിലോഗ്രാം അമോണിയം നൈട്രേറ്റ്, മൂന്നു സാറ്റലൈറ്റ് ഫോണുകൾ, ജി.എസ്.പി. ഉപകരണങ്ങൾ തുടങ്ങിയവ പിടിച്ചെടുത്തിരുന്നു. ശ്രീലങ്കയിൽനിന്ന് ഏതാനും വർഷം മുമ്പാണ് ദിലീപൻ സ്വിറ്റ്സർലൻഡിൽ ബേക്കറിയിൽ ജീവനക്കാരനായി പോയത്. അവിടെ നിന്ന് അടുത്തിടെയാണ് ചെന്നൈയിലെത്തിയത്. കോടതിയിൽ ഹാജരാക്കിയ ദിലീപനെ റിമാൻഡ് ചെയ്തു.

കെ.രാമാനുജം വിജിലൻസ് ഡയറക്ടർ

ചെന്നൈ: വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ഡയറക്ടറായി കെ.രാമാനുജത്തെ നിയമിച്ചു.

ബുധനാഴ്ച വിരമിച്ച കെ. നടരാജന്റെ ഒഴിവിലേക്കാണ് കെ.രാമാനുജത്തെ നിയമിച്ച് സർക്കാർ ഉത്തരവിറക്കിയത്.

ട്രെയിനിങ് വിഭാഗം എ.ഡി.ജി.പി. സ്ഥാനത്തുനിന്നാണ് രാമാനുജം പുതിയ സ്ഥാനത്തേക്ക് നിയമിതനായത്.

സ്വയംവിരമിക്കൽ നിരോധം: പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് സർക്കാർ ഡോക്ടർമാർ

ചെന്നൈ: സർക്കാർ ഡോക്ടർമാർക്ക് സ്വയം വിരമിക്കൽ നിഷേധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ പ്രക്ഷോഭവുമായി രംഗത്തിറങ്ങുമെന്ന് ഡോക്ടർമാരുടെ സംഘടന സർക്കാറിന് മുന്നറിയിപ്പു നല്കി. തമിഴ്നാട് ഗവൺമെൻറ് ഡോക്ടേഴ്സ് അസോസിയേഷനാണ് മുന്നറിയിപ്പ് നല്കിയത്. മറ്റു സർക്കാർ ജീവനക്കാരെപ്പോലെ ഡോക്ടർമാർക്കും സ്വയം വിരമിക്കാനുള്ള അവകാശം ലഭ്യമാക്കണം. ഡോക്ടർമാരുടെ രാജിക്കത്ത് സ്വീകരിക്കില്ലെന്ന സർക്കാറിന്റെ തീരുമാനത്തെയും സംഘടന അപലപിച്ചു. ആരോഗ്യപരമോ കുടുംബപരമോ ആയ കാരണത്താൽ ഡോക്ടർമാരെ സ്വയം വിരമിക്കാൻ സമ്മതിച്ചില്ലെങ്കിൽ അവരുടെ മാനസിക പിരിമുറുക്കത്തിന് അത് വഴിവെക്കും. സ്വകാര്യ ഡോക്ടർമാർക്ക് ലഭിക്കുന്ന ശമ്പള സ്കെയിൽ ഉൾപ്പെടെ സർക്കാർ ഡോക്ടർമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നല്കണമെന്നും ടി.എൻ.ജി.ഡി.എ. സംസ്ഥാന സെക്രട്ടറി ശെന്തിൽ വ്യക്തമാക്കി.

പൊങ്കൽ: ഗ്രൂപ്പ് സി.ഡി. ജീവനക്കാർക്ക് 30 ദിവസത്തെ ശമ്പളം ബോണസ്

ചെന്നൈ: പൊങ്കൽ പ്രമാണിച്ച് ഗ്രൂപ്പ് സി.ഡി. ജീവനക്കാർക്ക് മുപ്പതു ദിവസത്തെ ശമ്പളം ബോണസായി തമിഴ്നാട് സർക്കാർ പ്രഖ്യാപിച്ചു. ജീവനക്കാർക്ക് പരമാവധി 2500 രൂപവരെ ബോണസായി ലഭിക്കുമെന്ന് സർക്കാർ പത്രക്കുറിപ്പിൽ അറിയിച്ചു.

ഗ്രൂപ്പ് എ. ബി. വിഭാഗം ജീവനക്കാർക്ക് പ്രത്യേക ബോണസായി 1000 രൂപയും പെൻഷൻകാർക്ക് 300 രൂപയും പൊങ്കൽ ബോണസായി നൽകും.

240 ദിവസം ജോലി ചെയ്ത താത്കാലിക ജീവനക്കാർ, അങ്കണവാടി ജീവനക്കാർ, വില്ലേജ് അസിസ്റ്റൻറുമാർ, ഉച്ചഭക്ഷണം തയ്യാറാക്കുന്ന ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവർക്ക് 1000 രൂപയും ബോണസായി നൽകും. പുതിയ ബോണസിന്റെ ആനുകൂല്യം സംസ്ഥാനത്തെ 12 ലക്ഷം ജീവനക്കാർക്ക് ലഭിയ്ക്കും. യു.ജി.സി, എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള അധ്യാപകർക്കും ബോണസ് ലഭിയ്ക്കും. ബോണസ് നൽകുന്നതിനായി 253 കോടി രൂപയാണ് സർക്കാറിനുള്ള ബാധ്യത.

ഗവർണറും മുഖ്യമന്ത്രിയും പുതുവത്സരാശംസ നേർന്നു

ചെന്നൈ: തമിഴ്നാട് ഗവർണർ സുർജിത്സിങ് ബർണാല, മുഖ്യമന്ത്രി എം.കരുണാനിധി, എ.ഐ.എ.ഡി.എം.കെ. ജനറൽ സെക്രട്ടറി ജയലളിത, മറ്റു പ്രമുഖ രാഷ്ട്രീയകക്ഷി നേതാക്കൾ എന്നിവർ സംസ്ഥാനത്തെ ജനങ്ങൾക്ക് പുതുവത്സരാശംസകൾ നേർന്നു.

രാഷ്ട്രത്തെ ഉന്നതിയിലെത്തിക്കുന്നതിന് അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കാൻ ഗവർണർ സന്ദേശത്തിൽ ജനങ്ങളോടാഹ്വാനം ചെയ്തു. ഭീകരവാദത്തെ ചെറുക്കാൻ ജനങ്ങൾ ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും സമത്വവും സാഹോദര്യവും മതസൗഹാർദവും നിലനിർത്തണമെന്നും മുഖ്യമന്ത്രി കരുണാനിധി സന്ദേശത്തിൽ പറഞ്ഞു. 2006ൽ ഡി.എം.കെ. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളെപ്പറ്റി കരുണാനിധി എടുത്തുപറഞ്ഞു. തമിഴ്നാട്ടിലെ ജനങ്ങൾക്ക് നന്മയും സമ്പദ്സമൃദ്ധിയും കൈവരട്ടെയെന്ന് എ.ഐ.എ.ഡി.എം.കെ. ജനറൽ സെക്രട്ടറി ജയലളിത ആശംസിച്ചു.

സ്നേഹത്തിന്റെ നിറങ്ങളാൽ പുതുവർഷത്തിനു വരവേല്പ്. നഗരത്തിലെ കോളേജിൽ പുതുവർഷം ആഘോഷിക്കുന്ന വിദ്യാർഥികൾ

കേസുകളിലെ അതിവേഗ തീർപ്പ്; സബർബൻ കമ്മീഷണറേറ്റിന് മികച്ച നേട്ടം

ചെന്നൈ: കേസുകളിൽ അതിവേഗ തീർപ്പു കല്പിക്കുന്നതിൽ ചെന്നൈ സബർബൻ കമ്മീഷണറേറ്റിന് മികച്ച നേട്ടം.

കഴിഞ്ഞ ജൂലായിലാണ് സബർബൻ കമ്മീഷണറേറ്റ് രൂപവത്കരിച്ചത്. കളവുമുതൽ കണ്ടെടുക്കുന്നതിലും മറ്റു കേസുകളിൽ തീർപ്പു കല്പിക്കുന്നതിലും മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്ന് സബർബൻ കമ്മീഷണർ എസ്.ആർ. ജാൻഗിദ് പറഞ്ഞു. മൊത്തം 4.22 കോടിയുടെ കൊള്ള നടന്ന സംഭവങ്ങളിൽ ഇവിടെ കേസ് രജിസ്റ്റർ ചെയ്തിരുന്നുവെന്നും ഇതിൽ 3.69 കോടിയുടെ കൊള്ളമുതൽ പോലീസ് പിടിച്ചെടുത്തിട്ടുണ്ടെന്നും ജാൻഗിദ് അറിയിച്ചു.

മാസാവരം പോലീസ് ഡിസ്ട്രിക്ടിൽനിന്നുമാണ് ഏറ്റവും അധികം മോഷണ മുതലുകൾ പിടിച്ചെടുത്തത്-അദ്ദേഹം അറിയിച്ചു. അമ്പത്തൂർ, മാസാവരം, സെൻറ് തോമസ് മൗണ്ട് എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ ചേർന്നതാണ് സബർബൻ കമ്മീഷണറേറ്റ്.

പ്രമേഹവും ഉറക്കക്കുറവും: ചെന്നൈയിൽ പുതിയ പരീക്ഷണശാല

ചെന്നൈ: അമിതവണ്ണവും ഉറക്കക്കുറവും പ്രമേഹവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിന് പര്യാപ്തമായ ആധുനിക സംവിധാനങ്ങളോടുകൂടിയ പരീക്ഷണശാല ചെന്നൈയിൽ പ്രവർത്തനമാരംഭിച്ചു. എം.വി. ഡയബറ്റിസ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെൻറർ ആണ് സ്ലീപ് ഡിസ്ഓർഡർ ലാബ് എന്ന പേരിൽ പരീക്ഷണശാല തുറന്നത്.

അമിതവണ്ണവും ഉറക്കക്കുറവും പ്രമേഹവും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ കഴിഞ്ഞാൽ പ്രമേഹചികിത്സയിൽ കാര്യമായ പുരോഗതിയുണ്ടാകുമെന്ന് എം.വി. ഹോസ്പിറ്റൽസ് മേധാവി ഡോ. വിജയ് വിശ്വനാഥൻ പറഞ്ഞു. പ്രമേഹം മൂലമുണ്ടാകുന്ന ലൈംഗികശേഷിക്കുറവിനു പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനായി ഓൺലൈൻ കൗൺസലിങ് കേന്ദ്രവും എം.വി. ഹോസ്പിറ്റൽസ് തുടങ്ങിയിട്ടുണ്ട്.

ജനങ്ങൾ വിദേശസംസ്കാരത്തിൽ മയങ്ങുന്നു -രാമദാസ്

ചെന്നൈ: തമിഴ് ആചാരങ്ങളിൽനിന്ന് വ്യതിചലിച്ച് ജനങ്ങൾ വിദേശസംസ്കാരത്തിൽ മയങ്ങുകയാണെന്ന് പി.എം.കെ. നേതാവ് രാമദാസ് ആരോപിച്ചു. പുതുവത്സരാഘോഷവുമായി ബന്ധപ്പെട്ട് ചെന്നൈയിലെ ചില നക്ഷത്രഹോട്ടലുകൾ പുറത്തുവിട്ട പരസ്യപ്രചാരണങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മദ്യപിച്ച് സ്ത്രീകളോടൊത്ത് നൃത്തംചെയ്യാമെന്നാണ് ചെന്നൈയിലെ ഒരു നക്ഷത്രഹോട്ടൽ വ്യക്തമാക്കിയിരിക്കുന്നത്. എത്ര വേണമെങ്കിലും മദ്യപിക്കാമെന്നും ഇവർ പറഞ്ഞിട്ടുണ്ട്. ഇത് നമ്മുടെ സംസ്കാരത്തെ കളങ്കപ്പെടുത്തുന്നതാണ്. ചെന്നൈയിലെ പുതുവത്സരാഘോഷ പരിപാടികൾ നിരോധിക്കാൻ പോലീസ് നടപടിയെടുക്കണമെന്നും രാമദാസ് ആവശ്യപ്പെട്ടു.

ശ്രീലങ്കൻ പ്രശ്നപരിഹാരവുമായി ബന്ധപ്പെട്ട് കേന്ദ്ര വിദേശകാര്യമന്ത്രി പ്രണബ് മുഖർജിയെ എത്രയും പെട്ടെന്ന് കൊളംബോയിലേക്ക് അയയ്ക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തെഴുതുമെന്നും രാമദാസ് അറിയിച്ചു. ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഡി.എം.കെ.യും എ.ഐ.എ.ഡി.എം.കെയും തമ്മിലുണ്ടായ സംഭവങ്ങളെ ഗൗരവമായി കാണണമെന്നും രാമദാസ് പറഞ്ഞു.

ശവസംസ്കാരത്തിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം-സി.ടി.എം.എ.

ചെന്നൈ: ചെന്നൈ കോർപ്പറേഷൻ നഗരത്തിലെ ശ്മശാനങ്ങളിൽ ഏർപ്പെടുത്തിയ പുതിയ നിയമങ്ങളിൽ പലതും സാധാരണ ജനങ്ങൾക്ക് ദോഷകരമായിത്തീരുന്നതായി കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷൻസ് (സി.ടി.എം.എ.) അധികൃതരെ അറിയിച്ചു. കോർപ്പറേഷൻ കമ്മീഷണർ രാജേഷ് ലഖോനിക്കെഴുതിയ കത്തിലാണ് സി.ടി.എം.എ. പ്രസിഡൻറ് എം. നന്ദഗോവിന്ദ് ഇക്കാര്യം വ്യക്തമാക്കിയത്. നഗരത്തിലെ വൈദ്യുതി ശ്മശാനങ്ങളിൽ ശവസംസ്കാരച്ചടങ്ങുകൾ സൗജന്യമാക്കിയതോടെ വ്യവസ്ഥാപിതമായ ആചാരങ്ങളോടെ ശവസംസ്കാരച്ചടങ്ങുകൾ നടത്തുന്നവർക്ക് സൗകര്യം ലഭിക്കുന്നില്ലെന്ന് കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പണം നൽകിയാൽപ്പോലും ആചാര രീതികളനുസരിച്ച് വിറകിലും ഉണക്കച്ചാണകത്തിലും മൃതദേഹം കത്തിച്ചുകളയാനുള്ള സൗകര്യം പോലും ബന്ധുക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇതിനായി ഇവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുമില്ല. ശവസംസ്കാരം സൗജന്യമാക്കിയതോടെ ശ്മശാനത്തിലെ ജീവനക്കാർ ജോലിക്കെത്തുന്ന സമയത്തിലും കൃത്യത പാലിക്കുന്നില്ല. രാവിലെ 11 മണിക്കാണ് ജീവനക്കാർ ശ്മശാനത്തിലെത്തുന്നത്. സംസ്കാരച്ചടങ്ങിനായുള്ള യന്ത്രങ്ങളും മറ്റ് സൗകര്യങ്ങളുമൊക്കെ പ്രവർത്തിപ്പിക്കാൻ ഇവർ ഏറെ സമയമെടുക്കുന്നു. നേരത്തെ രാവിലെ എട്ടരമണിക്കാണ് ശ്മശാനങ്ങൾ തുറന്നിരുന്നത്. ഇപ്പോൾ ജീവനക്കാർ വൈകി എത്തുന്നതുകാരണം ബന്ധുക്കൾക്ക് തങ്ങളുടെ ഉറ്റവരുടെ മൃതദേഹങ്ങളുമായി ഏറെ നേരം ശ്മശാനത്തിൽ കാത്തുനിൽക്കേണ്ടിവരുന്നു. മാത്രമല്ല, കൂടുതൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിലുള്ള കാലതാമസത്തിനും ഇത് ഇടയാക്കുന്നു. ജീവനക്കാർ വൈകിട്ട് ആറുമണിക്ക് ജോലി നിർത്തി പോകുന്നതും ശവസംസ്കാരച്ചടങ്ങുകൾക്കെത്തുന്നവരെ വലയ്ക്കുന്നു.

പൊതുജനങ്ങളുടെ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തര നടപടി സ്വീകരിക്കണമെന്നും നന്ദഗോവിന്ദ് കോർപ്പറേഷൻ കമ്മീഷണറോട് അഭ്യർഥിച്ചു. ശ്മശാനങ്ങളിലെ ജീവനക്കാരുടെ ജോലിസമയം പുനഃക്രമീകരിക്കുക, പരമ്പരാഗത രീതിയിൽ ശവസംസ്കാരച്ചടങ്ങുകൾ നടത്താൻ താത്പര്യമുള്ളവർക്ക്, പണം ഈടാക്കി അതിനുള്ള സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിലും നടപടി സ്വീകരിക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

റോഡ്സുരക്ഷാവാരം ഇന്നുമുതൽ

ചെന്നൈ: ജനവരി ഒന്നുമുതൽ ഒരാഴ്ച തമിഴ്നാട്ടിൽ റോഡ്സുരക്ഷാവാരമായി ആചരിക്കുമെന്ന് മുഖ്യമന്ത്രി എം.കരുണാനിധി വ്യക്തമാക്കി.

ഇതിനായി വിവിധ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്. റോഡ്സുരക്ഷയെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

ഗവൺമെൻറിന്റെ വിവിധ വകുപ്പുകളും വോളൻററി സംഘടനകളും വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. റോഡപകടം തടയുന്നതിനുള്ള ബോധവത്ക്കരണ പരിപാടിയും പ്രത്യേകമായുണ്ട്.

ചതയദിന പൂജ ഇന്ന്

ചെന്നൈ: വെപ്പേരി ശ്രീനാരായണഗുരു മന്ദിരത്തിൽ ചതയദിനപൂജ ജനവരി ഒന്നിന് വ്യാഴാഴ്ച നടക്കും. പൂജാചടങ്ങുകൾക്കുശേഷം ബേബി നീരജയുടെ നൃത്തപരിപാടി ഉണ്ടായിരിക്കുമെന്ന് മന്ദിരം ഭാരവാഹികൾ അറിയിച്ചു.

RNI Reg. No.3037/57 Postal Regd. No. KL / NR 5-65 / 2003-05 - Book: 86 No. 282 ◆ Printed by P.V. Chandran at M/s Frontline Printers Limited, M-7, Thiru-Vi-Ka Industrial Estate, Guindy, Chennai-600032 and published by him at the Mathrubhumi Buildings Kozhikode for The Mathrubhumi Printing & Publishing Company Limited, Kozhikode ◆ Chennai Office & News Bureau: No. 7, 7th Floor, 'B' Wing, Parsn Manere, Gemini Compound, Chennai - 600 006 ◆ Tel: 28228862, 28276486, 28212138 Telefax: 28250411 ◆ *Managing Editor:* P.V. Chandran, *Editor-in-charge* K.K. Sreedharan Nair (Editor-in-charge responsible for selection of news under PRB Act).